മഞ്ചേരി മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ വെള്ളം ലഭ്യമാക്കാൻ വേണ്ട പദ്ധതികൾ

44 (200) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ പയ്യനാട് വില്ലേജിൽ നബാർഡിന്റെ സഹായത്തോടെ കൃഷി വകുപ്പും സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റും കൂടി കൃഷിക്കാർക്ക് വെള്ളം ലഭ്യമാക്കാൻ വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കൃഷിക്കാർക്ക് വെള്ളം ലഭ്യമാക്കാനുള്ള ജലസേചന പദ്ധതികൾ കൃഷി വകുപ്പിന്റെ മണ്ണു സംരക്ഷണ വിഭാഗം ആസൂത്രണം ചെയ്യുന്നില്ല. എന്നാൽ മലപ്പുറം ജില്ലയിലെ മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്, ഇളംകൂർ എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി ഒരു മണ്ണുജല സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും അത് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്താൻ കഴിയുമെന്നും കൃഷി ഡയറക്ടർ (മണ്ണു സംരക്ഷണ വിഭാഗം) അറിയിച്ചിട്ടുണ്ട്.

പോളച്ചിറയിലെ കെ.എൽ.ഡി.സി. പദ്ധതി

45 (202) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറയിലെ കെ.എൽ.ഡി.സി. പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എങ്കിൽ ആയത് അടിയന്തരമായി പരിഹരിക്കാൻ ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്. VI-ൽ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതി 2006 മാർച്ച് 31-ന് മുമ്പായി പൂർത്തിയാക്കുന്നതാണെന്ന് കെ.എൽ.ഡി.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ശേഷിക്കുന്ന പമ്പ്ഹൗസ് നിർമ്മാണത്തിന് വേണ്ടുന്ന സ്ഥലം കിട്ടുന്നതിന് കാലതാമസം നേരിട്ടതിനാൽ കരാറുകാരനെകൊണ്ട് ആയത് പൂർത്തീകരിക്കാൻ സാധിച്ചില്ല. മാർച്ച് 31-ന് മുമ്പായി ഗുണഭോക്തൃ സമിതി വഴി ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി കെ.എൽ.ഡി.സി. സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly